**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **10-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ കാലയളവിൽ മലബാർ മേഖലയിലെ പല പ്രദേശ ങ്ങളിലും ക്ഷീരകർഷകർ പാൽ ഒഴുക്കിക്കളയേണ്ടി വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലെ ചില പ്രദേശങ്ങളിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കാൻ മിൽമയ്ക്ക് സാധിച്ചിരുന്നില്ല. സംഭരിച്ച പാൽ മുഴുവനും വിപണനം നടത്താൻ സാഹചര്യമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. കൂടാതെ കടകളും ഹോട്ടലുകളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ മൂലം ഇത്തരം പ്രാദേശിക വിപണനം നടത്തിവന്ന കർഷകരും ക്ഷീരസംഘങ്ങളിൽ കൂടുതൽ പാലളക്കാൻ തുടങ്ങി. ഇതിന് പരിഹാരമായി മിൽമ പാൽസംഭരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ സർക്കാർ വളരെ ഗൗരവത്തോടെ ഈ വിഷയത്തിൽ ഇടപെട്ട് ഉടൻതന്നെ നിയന്ത്രണങ്ങൾ പിൻവലിക്കുകയും, ക്ഷീരകർഷകരുടെ മുഴുവൻ പാലും ശേഖരിക്കുവാനുള്ള നിർദ്ദേശം മിൽമയ്ക്ക് നൽകുകയും ചെയ്തു. ഇപ്പോൾ പാൽ പൂർണ്ണമായും സംഭരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഏറ്റവും അധികം പാൽ ഉല്പാദിപ്പിക്കുന്ന മലബാർ മേഖലയിൽ അധികമായി സംഭരിക്കുന്ന പാൽ, പാൽപ്പൊടി ഉൾപ്പെടെയുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്ന ഫാക്ടറികൾ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. നിലവിൽ മിൽമ സംഭരിക്കുന്ന അധികപാൽ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയച്ച് പാൽപൊടിയാക്കി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയ്ക്ക് മലപ്പുറത്ത് മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനോടൊപ്പം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ ഡെയറി വൈറ്റ്നർ, ഗോൾഡൻ മിൽക്ക് മിക്സ് എന്നിവ വിപുലമായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം വയനാട് ജില്ലയിൽ മണിക്കുറിൽ 3000 ലിറ്റർ ശേഷിയുള്ള ഒരു മിൽക്ക് കണ്ടൻസിംഗ് പ്ലാന്റിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.. |
| (സി) | ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും നടപ്പിലാക്കിവരുന്നു. അധിക പാൽസംഭരണവുമായി ബന്ധപ്പെട്ട് ശ്വാശ്വത പരിഹാരമെന്ന നിലയിൽ സംസ്ഥാനത്ത് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ